# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/Tvm/BP.1/1066/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപസ)
2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ
3) ഓഫീസ് കോപ്പി

നമ്പർ: KSA/Tvm/BP.1/1066/2023 തീയ്യതി: 16/10/2023

# തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീജ കെ. | ജോയിന്റ് ഡയറക്ടർ ഇൻചാർജ് | 19-06-2023 | 26-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-06-2023 | 26-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുല ബീവി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.അനിൽ കുമാർ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബിന്ദുലത.ബി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രാജു.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ലാൽ കൃഷ്ണൻ.ജി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.അജികുമാർ.കെ | സെക്രട്ടറി | 01-04-2022 | 03-05-2022 |
| ശ്രീ.സുരേഷ് കുമാർ.കെ | സെക്രട്ടറി | 04-05-2022 | 31-05-2022 |
| ശ്രീ.അജികുമാർ.കെ | സെക്രട്ടറി | 01-06-2022 | 01-07-2022 |
| ശ്രീ.ശ്യാംകുമാർ.വൈ.എൻ | സെക്രട്ടറി | 01-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഉഷാകുമാരി | ശിശുവികസന ഓഫീസർ (അധീഷണൽ) | 01-04-2022 | 07-06-2022 |
| ശ്രീമതി സിന്ധു.എൽ | ശിശുവികസന ഓഫീസർ (അധീഷണൽ) | 08-06-2022 | 31-03-2023 |
| ശ്രീമതി രമ.എസ്.എസ് | ശിശുവികസന ഓഫീസർ(പനച്ചമൂട്) | 01-04-2022 | 30-06-2022 |
| ശ്രീമതി സിന്ധു.എൽ | ശിശുവികസന ഓഫീസർ(പനച്ചമൂട്) | 01-07-2022 | 18-12-2022 |
| ശ്രീമതി അനിത കുമാരി.എൽ | ശിശുവികസന ഓഫീസർ(പനച്ചമൂട്) | 19-12-2022 | 31-03-2023 |
| ശ്രീ.രാജേഷ് | പട്ടിക ജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശശികല | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.അനിൽ കുമാർ | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 01-04-2022 | 31-03-2023 |
| ശ്രീ.എ.കെ.ഷിബു | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ലിയോ ജോസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ.അഷ്റഫ് ഖാൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ.സുനിൽ | മെഡിക്കൽ ഓഫീസർ, | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | വെള്ളറട CHC | | |
| ഡോ.സുനിത | മെഡിക്കൽ ഓഫീസർ, പെരുങ്കടവിള FHC | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഇ ടെണ്ടറിൽ നിന്നുളള ഫാറവില-വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല. | 1-1-3 |
| 5 | സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-4 |
| 6 | ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-1-5 |
| 7 | മിശ്ര വിവാഹത്തിനുള്ള ധനസഹായം -വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | നിക്ഷേപ പ്രവൃത്തികളുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | പദ്ധതി തുകയുടെ ചെലവ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | ആഭ്യന്തര നിയന്ത്രണം- | 1-6 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 16 | സോളാർ പാനൽ സ്ഥാപിക്കൽ ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല-തുടർ നടപടി അനിവാര്യം | 1-8 |
| 17 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു | 1-9 |
| 18 | ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല. | 1-10 |
| 19 | മൊബൈൽ വെറ്ററിനറി ക്ലിനിക് പദ്ധതി -പ്രവർത്തനം പുന:പരിശോധിക്കണം. | 1-11 |
| 20 | ഗുണഭോക്തൃസമിതി നിർവ്വഹണം നടത്തിയ പ്രോജക്ടിന്റെ കരാർതുക കൈമാറിയത്-ക്രമപ്രകാരമല്ല | 1-12 |
| 21 | അടങ്കൽ തുക കുറവായ പ്രവർത്തികൾ നടപ്പിലാക്കി-സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധം- | 1-13 |
| 22 | യാത്രബത്ത നൽകൽ -നിയമാനുസൃതമാക്കണം | 1-14 |
| 23 | കുടിവെള്ള പദ്ധതി- തുടർ നടത്തിപ്പ്, ആസ്തി രജിസ്റ്റർ രേഖപ്പെടുത്തലുകൾ | 1-15 |

| | | |
|---|---|---|
| | എന്നിവ ഉറപ്പ് വരുത്തേണ്ടതാണ് | |
| 24 | രേഖാമൂലമുള്ള അനുമതിയില്ലാതെ പ്രവൃത്തികൾ നടപ്പിലാക്കുന്നു | 1-16 |
| 25 | മുഴുവൻ തുകയുടെയും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 8240/- രൂപ തിരികെ അടവാക്കണം | 1-17 |
| 26 | വെള്ളറട സി.എച്ച്.സി.യുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വരവ് തുകയിൽ ക്രമക്കേട്-തുടർനടപടി സ്വീകരിക്കണം | 1-18 |
| 27 | മരുന്ന് വാങ്ങൽ-ഫൈനൽ ബില്ലും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയില്ല-തുടർനടപടി സ്വീകരിക്കണം | 1-19 |
| 28 | റിവോൾവിംഗ് ഫണ്ട് ജനകീയ ഹോട്ടലിനു കൈമാറിയതിനുള്ള രേഖകൾ ലഭ്യമായില്ല | 1-20 |
| 29 | ഉത്പാദന മേഖലയ്ക്ക് വകയിരുത്തിയ ഫണ്ടുപയോഗിച്ച് പശ്ചാത്തല വികസന പ്രവൃത്തികൾ നടപ്പാക്കുന്നു | 1-21 |
| 30 | ഡെപ്പോസിറ്റ് വർക്ക് -കരാർ ചമച്ചിട്ടില്ല | 1-22 |
| 31 | അടിസ്ഥാന സൗകര്യം ഒരുക്കാതെ ലാബ് ഉപകരണങ്ങൾ വാങ്ങി-41,000/- രൂപ തടസ്സം ചെയ്യുന്നു | 1-23 |
| 32 | പി.എം.എ.വൈ വീട് പണിപൂർത്തീകരിച്ചില്ല | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 03.05.2023 ലെ 3/2-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (കമ്മിറ്റി തീരുമാനത്തിന്റെ നമ്പരും തീയതിയും) 23.05.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപെട്ട വിവിധ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ, നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

വാർഷിക അനുപാതങ്ങൾ, നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (അടുത്തവർഷം മുതൽ ഉൾപ്പെടുത്തുന്നതാണ്. ഓഡിറ്റ് അന്വേഷണത്തിന് മറുപടി)

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated (38363772) എന്നത് Net Increase/decrease In Cash And Cash Equivalents (38486890) മായി പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില-വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ-ടെണ്ടറിൽ നിന്നുള്ള ഫാറവിലയിൽ ലഭ്യമായ 3,94,560 രൂപ ബ്ലോക്ക് പഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

### 1-1-4 സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല

സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തിവാർഷിക ധനകാര്യപത്രിക B-14 ഷെഡ്യൂളിൽ (Stock In Hand (Inventories)- ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല

ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ വിവരങ്ങൾ പരിശോധിക്കുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയില്ല.

## 1-1-6 മിശ്ര വിവാഹത്തിനുള്ള ധനസഹായം -വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

മിശ്ര വിവാഹത്തിനുള്ള ധനസഹായമിനത്തിൽ ബിൽനം-30/22-23 തീയതി 08.02.23 പ്രകാരം 1,80,000 രൂപ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (ലഭിച്ച അലോട്ട്മെന്റ് തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി).

## 1-1-7 നിക്ഷേപ പ്രവൃത്തികളുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

നിക്ഷേപ പ്രവൃത്തികൾക്കായി തുക അനുവദിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവുകൾ ആർ.പി. 47 ൽ ബന്ധപ്പെട്ട ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. പൂർത്തിയാകാത്ത നിക്ഷേപ പ്രവൃത്തികളുടെ വിവരം ബാലൻസ് ഷീറ്റ് ബി 18 ലും ഉൾപ്പെടുന്നില്ല. ഉദാ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | ജലസേചന വകുപ്പ് | മേകൊല്ല പൂന്നോട്ടുകോണം കരിക്കോട്ടുവിള ചാനൽ പാലനിർമ്മാണവും നടപ്പാത കോൺക്രീറ്റിംഗും-കൊല്ലയിൽ ഡിവിഷൻ(87/23) | 1200000 |
| 2 | ഭൂജലവകുപ്പ് | 49-ാം നമ്പർ നെല്ലിയിൽ അംഗൻവാടി കുടിവെള്ള പദ്ധതി (214/23) | 91761 |
| 3 | ഭൂജലവകുപ്പ് | മൈലച്ചൽ ഗവ.ഹയർസെക്കന്ററി സ്കൂൾകുടിവെള്ളപദ്ധതി (182/23) | 393684 |
| 4 | ഭൂജലവകുപ്പ് | തേവരുകോണം ക്ഷേത്ര നട കുടിവെള്ള പദ്ധതി (44/23) | 635189 |

## 1-1-8 പദ്ധതി തുകയുടെ ചെലവ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

പദ്ധതി തുകയുടെ ചെലവ് വിശദാംശങ്ങൾ വാർഷികകണക്കും, സുലേഖ ചെലവ് പത്രികയും, എസിആർ ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | വാർഷിക കണക്കുകൾ (ആർ.പി. പ്രകാരം) | സുലേഖ പ്രകാരം | എസിആർ പ്രകാരം |
|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 36057622 | 36057622 | 36065862 |
| വികസനഫണ്ട് റ്റി.എസ്.പി. | 1318500 | 1346020 | 1392000 |

## 1-2 ബജറ്റ്

ഭരണസമിതിയുടെ 26.03.2022 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. പ്രതീക്ഷിത വരവ് 1831958300/- (മുന്നിരിപ്പ് ഉൾപ്പെടെ) രൂപയും പ്രതീക്ഷിത ചെലവ് 1813903694/- രൂപയും 18054606/- രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റാണ് ഭരണസമിതി അംഗീകരിച്ചിരിക്കുന്നത്. 2022-23 വർഷത്തെ റിവൈസ്ഡ് ബജറ്റ് 25.02.2023 -ലെ 2ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

1. ബജറ്റ് പ്രൊപ്പോസൽ.

ബജറ്റ് രൂപീകരണത്തിന് മുന്നോടിയായി നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ സെക്രട്ടറി ഘടക സ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെടണം. ഇത്തരത്തിൽ ഘടകസ്ഥാപനങ്ങളിൽനിന്നും സെക്രട്ടറി പ്രപ്പോസലുകൾ ആവശ്യപ്പെട്ടതിന്റെ രേഖകൾ, നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി

ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

3. ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം(214(5)). എന്നാൽ അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. 2023-24-ലെ ബജറ്റിനൊപ്പമാണ് 2022-23-ലെ റിവൈസ്ഡ് ബജറ്റ് പാസാക്കിയിട്ടുള്ളത്.

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-15/22-23 തീയതി 23.06.23-ന് ലഭ്യമാക്കിയ മറുപടി പ്രകാരം ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട ഫയൽ മാനവലായി സൂക്ഷിച്ചിട്ടില്ലെന്നും അടുത്ത വർഷം മുതൽ ഫയൽ സൂക്ഷിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 5,72,43,456 |
| ഓഡിറ്റ് വർഷത്തെ വരവ് | 11,68,86,957 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 15,53,73,847 |
| നീക്കിയിരിപ്പ് | 1,87,56,566 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 42256060 | 42256060 | 36057622 | 6198438 |
| വികസനഫണ്ട് എസ്.സി.പി | 0 | 16550000 | 16550000 | 14042380 | 2507620 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 1399000 | 1399000 | 1346020 | 52980 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 12003000 | 12003000 | 11891339 | 111661 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | 0 | 12019827 | 12019827 | 13059311 | (-) 1039484 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Basic Grant) | 0 | 7154240 | 7154240 | 8453326 | (-) 1299086 |
| CSS | 0 | 0 | 0 | 0 | 0 |
| SSS | 0 | 0 | 0 | 0 | 0 |

## 1-5 പദ്ധതി അവലോകനം

ബ്ലോക്ക് ഗ്രാമപഞ്ചായത്ത് 2020-21 മുതൽ 2022-23 വരെയുള്ള 3 സാമ്പത്തിക വർഷങ്ങളിൽ അംഗീകാരം നേടി പദ്ധതികളിൽ നടപ്പിലാക്കിയവയുടെയും നടപ്പിലാക്കാത്തവയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചവ | പൂർണമായും നടപ്പിലാക്കിയ പദ്ധതികൾ | ഉപേക്ഷിച്ച പദ്ധതികൾ | ആകെ അടങ്കൽ | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|
| 2020-21 | 45 | 34 | 11 | 43972125 | 29271492 | 66.56 |
| 2021-22 | 36 | 28 | 8 | 36510500 | 23904666 | 66.47 |
| 2022-23 | 35 | 29 | 6 | 23651844 | 19960573 | 84.39 |

ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ

| വർഷം | അംഗീകാരം ലഭിച്ചവ | പൂർണമായും നടപ്പിലാക്കിയ പദ്ധതികൾ | ഉപേക്ഷിച്ച പദ്ധതികൾ | ആകെ അടങ്കൽ | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|
| 2020-21 | 7 | 7 | - | 4292500 | 3721498 | 86.69 |
| 2021-22 | 5 | 5 | - | 4328050 | 3999575 | 92.41 |
| 2022-23 | 13 | 13 | - | 6679104 | 6245821 | 93.51 |

മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

| വർഷം | അംഗീകാരം ലഭിച്ച പദ്ധതികൾ | പൂർണമായും നടപ്പിലാക്കിയ പദ്ധതികൾ | ഉപേക്ഷിച്ച പദ്ധതികൾ | ആകെ അടങ്കൽ | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|
| 2020-21 | 14 | 14 | 0 | 10818184 | 9750387 | 90.12 |
| 2021-22 | 17 | 17 | 0 | 12950995 | 11860055 | 91.57 |
| 2022-23 | 13 | 10 | 3 | 13290989 | 8493514 | 63.90 |

പട്ടികജാതി വികസന ഓഫീസർ

| വർഷം | അംഗീകാരം ലഭിച്ച പദ്ധതികൾ | പൂർണമായും നടപ്പിലാക്കിയ പദ്ധതികൾ | ഉപേക്ഷിച്ച പദ്ധതികൾ | ആകെ അടങ്കൽ | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|
| 2020-21 | 6 | 5 | 1 | 7503000 | 3949232 | 52.63 |
| 2021-22 | 8 | 8 | 0 | 8597768 | 7265768 | 84.50 |
| 2022-23 | 7 | 7 | 0 | 7775000 | 6580493 | 84.63 |

അസിസ്റ്റന്റ് ഡയറക്ടർ, കൃഷി

| വർഷം | അംഗീകാരം ലഭിച്ച പദ്ധതികൾ | പൂർണമായും നടപ്പിലാക്കിയ പദ്ധതികൾ | ഉപേക്ഷിച്ച പദ്ധതികൾ | ആകെ അടങ്കൽ | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|
| 2020-21 | 6 | 3 | 3 | 8941010 | 1245395 | 13.92 |
| 2021-22 | 4 | 2 | 2 | 5620345 | 1378196 | 24.52 |
| 2022-23 | 12 | 12 | 0 | 8455489 | 6399568 | 75.68 |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ

| വർഷം | അംഗീകാരം ലഭിച്ച പദ്ധതികൾ | പൂർണമായും നടപ്പിലാക്കിയ പദ്ധതികൾ | ഉപേക്ഷിച്ച പദ്ധതികൾ | ആകെ അടങ്കൽ | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|
| 2020-21 | 6 | 4 | 2 | 14255000 | 10339193 | 72.53 |
| 2021-22 | 4 | 4 | 0 | 10371648 | 7430879 | 71.64 |
| 2022-23 | 8 | 8 | 0 | 8634017 | 8491149 | 98.34 |

ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ

| വർഷം | അംഗീകാരം ലഭിച്ച പദ്ധതികൾ | പൂർണമായും നടപ്പിലാക്കിയ പദ്ധതികൾ | ഉപേക്ഷിച്ച പദ്ധതികൾ | ആകെ അടങ്കൽ | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|
| 2020-21 | 0 | 0 | 0 | 0 | 0 | 0 |
| 2021-22 | 3 | 3 | 0 | 900000 | 700000 | 77.77 |
| 2022-23 | 3 | 3 | 0 | 1220000 | 1120000 | 91.80 |

അസിസ്റ്റന്റ് എഞ്ചിനിയർ

| വർഷം | അംഗീകാരം ലഭിച്ച പദ്ധതികൾ | പൂർണമായും നടപ്പിലാക്കിയ പദ്ധതികൾ | ഉപേക്ഷിച്ച പദ്ധതികൾ | ആകെ അടങ്കൽ | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|
| 2020-21 | 57 | 51 | 6 | 128658402 | 83669918 | 65.03 |
| 2021-22 | 61 | 48 | 13 | 31639362 | 21024921 | 66.45 |
| 2022-23 | 75 | 61 | 14 | 117016618 | 86589710 | 73.99 |

വിവിധ ഫണ്ടുകൾ ലാപ്സാകാത്ത രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ആഭ്യന്തര നിയന്ത്രണം-

1) പഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന കാര്യങ്ങളിൽ

സ്വീകരിച്ച നടപടികൾചുവടെ ചേർക്കുന്നു.

എ) തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ എഗ്രിമെന്റ് രജിസ്റ്ററിൽ എഴുതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

ബി) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ രജിസ്റ്ററുകൾ ഏതെന്ന് അതത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (8ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതു തൻപതിവേടിൽ ചേർക്കുകയോ ചെയ്യണം. ആയതു പ്രകാരം തപാൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

സി) ഏഴു ദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയയ്ക്കുകയും ഡെസ്പാച്ച് വിവരം രേഖപ്പെടുത്തി, ഡെസ്പാച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

ഡി) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേയ്ക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി മെസ്സേജ് ബുക്ക് എഴുതി സൂക്ഷിക്കുന്നുണ്ട്.

2) സ്ഥാപനത്തിൽ വരവായി ലഭിക്കുന്ന തുകകൾക്ക് സാംഖ്യ രസീതികൾ ഉപയോഗിക്കുകയോ കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. തുക മാനുവൽ രസീതിൽ രേഖപ്പെടുത്തി ബാങ്കിൽ അടവാക്കുകയാണ് ചെയ്തു വരുന്നത്.

3) ബ്ളോക്കിന് കീഴിലുള്ള വിവിധ പഞ്ചായത്തുകളിലെ പ്രോജക്ടുകളുടെ ടെക്നിക്കൽ സാങ്ഷൻ നല്കുന്നത് രേഖപ്പെടുത്തുന്നതിനുള്ള ടെക്നിക്കൽ സാങ്ക്ഷൻ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.
4) ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02/04/2019 | 2014-15 To 2018-19 | 09/05/2019 |

## 1-8 സോളാർ പാനൽ സ്ഥാപിക്കൽ ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല-തുടർ നടപടി അനിവാര്യം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് - സോളാർ പാനൽ (സ്പിൽ ഓവർ) |
| പ്രോജക്ട് നമ്പർ | 64/23 |
| അടങ്കൽ തുക | 568120/- |
| ചെലവ് തുക | 497819/- |
| ബിൽ നം./തീയതി | 42/2022-23, 13.03.2023 |
| നിർവ്വഹണം | സെക്രട്ടറി |

കെ.എസ്.ഇ.ബി പവർ സപ്ലൈ ഇല്ലാത്ത സമയങ്ങളിൽ ഇലക്ട്രിസിറ്റി ലഭിക്കുന്നതിനും ഓഫീസ് പ്രവർത്തനം തടസ്സം കൂടാതെ നടത്തുന്നതിനാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. 10 KW ആണ് സൗരോർജ്ജ നിലയത്തിന്റെ ശേഷി. നിർവ്വഹണ ഏജൻസിയായ കെൽട്രോൺ ആണ് പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സൗരോർജ്ജ പവർപ്ലാന്റ് നെറ്റ് മീറ്ററിംഗ് വഴി കെ.എസ്.ഇ.ബി ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയെങ്കിലും കെ.എസ്.ഇ.ബിയിൽ നിന്നുള്ള കണക്ടിവിറ്റി സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2. നിർവ്വഹണ ഏജൻസിയുമായുള്ള കരാർ പ്രകാരം 5 വർഷത്തെ വാറന്റി സൗരോർജ്ജ നിലയത്തിന് നൽകിയിട്ടുണ്ട്. ആയതിനാൽ നിലയത്തിൽ സ്ഥാപിച്ചിട്ടുള്ള ഘടകങ്ങളുടെ OEM വാറന്റി കാർഡ് ഹാജരാക്കിയില്ല.

കെ.എസ്.ഇ.ബി പവർ സപ്ലൈ ഇല്ലാത്ത സമയങ്ങളിൽ ഇലക്ട്രിസിറ്റി ലഭിക്കുന്നതിനും ഓഫീസ് പ്രവർത്തനം തടസ്സം കൂടാതെ നടക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. കെ.എസ്.ഇ.ബി പവർ സപ്ലൈ ഇല്ലാത്ത സമയങ്ങളിൽ ഇലക്ട്രിസിറ്റി ലഭിക്കുന്നുണ്ടോയെന്ന് ഓഡിറ്റ് അന്വേഷണത്തിലൂടെ (14/22-23) ആരാഞ്ഞിരുന്നു. ഓൺ ഗ്രിഡ്

ആയതിനാൽ കെ.എസ്.ഇ.ബി സപ്ലൈ ഇല്ലാത്ത സമയങ്ങളിൽ ഇലക്ട്രിസിറ്റി ലഭിക്കുന്നില്ലായെന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്. 829699/- രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ല. കെ.എസ്.ഇ.ബി പവർ സപ്ലൈ ഇല്ലാത്ത സമയങ്ങളിൽ ഇലക്ട്രിസിറ്റി ലഭിക്കുന്നതിനും ഓഫീസ് പ്രവർത്തനം തടസ്സം കൂടാതെ നടക്കുന്നതിനും ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഒരുക്കി പദ്ധതിയുടെ ഉദ്ദേശലക്ഷ്യം കൈവരിക്കുന്നതിന് നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-9 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു

2022-23 സാമ്പത്തിക വർഷത്തിൽ പെരുങ്കടവിള ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹിച്ച ചുവടെ പരാമർശിക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി ബ്ളോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി തുക പഞ്ചായത്തുകൾ വിനിയോഗിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താൻ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം./ തീയതി (ACR പ്രകാരം) | ഗ്രാമ പഞ്ചായത്തിന്റെ പേര് |
|---|---|---|---|---|---|---|
| 1 | 158/23 | ഗോത്ര സാരഥി | 3,78,000 | 2,50,000 | 117/20-10-22 | അമ്പൂരി |
| | | | | 44,707 | 418/15-03-23 | കള്ളിക്കാട് |
| | | | | 9793 | 525/28-03-23 | കള്ളിക്കാട് |
| | | | ആകെ | 304500 | | |
| 2 | 124/23 | ലൈഫ് പി.എം.എ.വൈ. പട്ടിക വർഗ്ഗം | 4,21,000 | 4,14,000 | 156/24-11-22 | അമ്പൂരി |
| | | | ആകെ | 4,14,000 | | |
| 3 | 113/23 | ലൈഫ് സ്കീം- SCP | 33,07,037 | 4,60,000 | 126/28-1022 | കൊല്ലയിൽ |
| | | ലൈഫ് സ്കീം- SCP | | 3,60,000 | 366/28-02-23 | ഒറ്റശേഖരമംഗലം |
| | | ലൈഫ് സ്കീം- SCP | | 1,60,000 | 375/03-03-23 | കുന്നത്തുകാൽ |
| | | ലൈഫ് സ്കീം- SCP | | 1,20,000 | 401/13-03-23 | കുന്നത്തുകാൽ |
| | | ലൈഫ് സ്കീം- SCP | | 80,000 | 407/13-03-23 | കള്ളിക്കോട് |
| | | ലൈഫ് സ്കീം- SCP | | 1,60,000 | 411/15-03-23 | ഒറ്റശേഖരമംഗലം |
| | | ലൈഫ് സ്കീം- SCP | | 7,20,000 | 413/15-03-23 | കുന്നത്തുകാൽ |
| | | ലൈഫ് സ്കീം- SCP | | 4,80,000 | 414/15-03-23 | കുന്നത്തുതാൽ |
| | | ലൈഫ് സ്കീം- SCP | | 2,00,000 | 420/16-03-23 | കൊല്ലയിൽ |
| | | ലൈഫ് സ്കീം- SCP | | 60,000 | 528/29-03-23 | വെള്ളറട |
| | | | ആകെ | 2800000 | | |
| 4 | 176/23 | ന്യൂ ലൈഫ് - SCP | 2,00,000 | 1,00,000 | 320/15-02-23 | പെരുങ്കടവിള |
| | | | | 40,000 | 319/15-02-23 | പെരുങ്കടവിള |
| | | | ആകെ | 140000 | | |
| 5 | 108/23 | ലൈഫ് പദ്ധതി ബ്ളോക്ക് വിഹിതം-ജനറൽ | 70,27,127 | 60,000 | 82/27-09-22 | വെള്ളറട |
| | | | | 5,00,000 | 80/27-09-22 | വെള്ളറട |
| | | | | 2,80,000 | 124/27-10-22 | വെള്ളറട |
| | | | | 2,80,000 | 140/18-11-22 | കള്ളിക്കാട് |
| | | | | 40,000 | 141/19-11-22 | കള്ളിക്കാട് |
| | | | | 40,000 | 166/01-12-22 | കള്ളിക്കാട് |
| | | | | 1,60,000 | 178/08-12-22 | കള്ളിക്കാട് |
| | | | | 1,00,000 | 250/11-01-23 | വെള്ളറട |
| | | | | 1,60,000 | 267/19-01-23 | കൊല്ലയിൽ |
| | | | | 2,20,000 | 321/16-02-23 | വെള്ളറട |

| | | | | | | |
|---|---|---|---|---|---|---|
| | | | | 40,000 | 362/27-02-23 | ആര്യൻകോട് |
| | | | | 80,000 | 400/13-03-23 | കുന്നത്തുകാൽ |
| | | | | 4,40,000 | 405/13-03-23 | കള്ളിക്കാട് |
| | | | | 80,000 | 408/13-03-23 | വെള്ളറട |
| | | | | 4,00,000 | 406/13-03-23 | കള്ളിക്കാട് |
| | | | | 1,60,000 | 403/13-03-23 | കള്ളിക്കാട് |
| | | | | 6,80,000 | 399/13-03-23 | വെള്ളറട |
| | | | | 1,60,000 | 417/15-03-23 | കുന്നത്തുകാൽ |
| | | | | 40,000 | 412/15-03-23 | അമ്പൂരി |
| | | | | 8,00,000 | 421/16-03-23 | കൊല്ലയിൽ |
| | | | | 3,40,000 | 422/16-03-23 | കൊല്ലയിൽ |
| | | | | 8,00,000 | 423/16-03-23 | വെള്ളറട |
| | | | | 6,36,607 | 439/18-03-23 | കുന്നത്തുകാൽ |
| | | | | 1,60,000 | 451/21-03-23 | കുന്നത്തുകാൽ |
| | | | | 1,60,000 | 454/21-03-23 | കുന്നത്തുകാൽ |
| | | | | 2,00,000 | 455/21-03-23 | വെള്ളറട |
| | | | ആകെ | 7016607 | | |
| 6 | 177/23 | മുതുവിളാകം അമ്പയിൻതല നടപ്പാത കോൺക്രീറ്റ് | 633800<br>ആകെ | 633800<br>633800 | 54/2022-23 29.03.23 (ബിൽ ബുക്ക് പ്രകാരം) | കുന്നത്തുകാൽ |
| | | ആകെ തുക | | 11308907 | | |

പ്രസ്തുത പ്രോജക്ടുകൾക്കായി പഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം- 17 തീയതി: 24/06/2023, 23/2022-23 തീയതി 26.06.23 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 1,13,08,907 /- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-10 ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല.

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി), പട്ടിക ജാതി വികസന ഓഫീസർ എന്നിവർ റ്റി.ആർ 7എ ക്യാഷ് ബുക്ക് ലഭ്യമാക്കിയില്ല. ക്യാഷ് ബുക്ക് ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.11/22.06.2023, 26/26.06.20203) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി തുകയുടെ വരവ്, ചെലവ് വിവരം രേഖപ്പെടുത്തിയ ക്യാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-11 മൊബൈൽ വെറ്ററിനറി ക്ലിനിക് പദ്ധതി -പ്രവർത്തനം പുന:പരിശോധിക്കണം.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ രാത്രികാലങ്ങളിൽ വെറ്ററിനറി സേവനം ലഭ്യമാക്കുന്നതിനാണ് "മൊബൈൽ വെറ്ററിനറി ക്ലിനിക് തുടർ ചെലവുകൾ" - എന്ന പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിട്ടത്. മുൻവർഷങ്ങളിൽ ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക വർഷത്തിലും ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| S075/23, മൊബൈൽ വെറ്ററിനറി ക്ലിനിക് തുടർ ചെലവുകൾ | 204023/- (പൊതുവിഭാഗം) | 204023/- |
| 142/23, മൊബൈൽ വെറ്ററിനറി ക്ലിനിക് തുടർ ചെലവുകൾ | 750000/- (പൊതുവിഭാഗം) | 603233/- |
| S072/23, മൊബൈൽ വെറ്ററിനറി ക്ലിനിക് തുടർ ചെലവുകൾ | 700309/- (പൊതുവിഭാഗം) | 700000/- |

മേൽ പദ്ധതികളിലൂടെ മൊബൈൽ വെറ്ററിനറി ക്ലിനിക്കിന്റെ നടത്തിപ്പിനായി ആകെ 15,07,256/-ചെലവ് ചെയ്തിട്ടുണ്ട്.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A.1. മൊബൈൽ വെറ്ററിനറി ക്ലിനിക് നടത്തുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ /ഉത്തരവുകൾ /പ്രത്യേകാനുമതി ലഭ്യമായതു സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ബ്ലോക്ക് പഞ്ചായത്ത് മേൽ പദ്ധതികളിലൂടെ രാത്രികാല സേവനം നൽകുന്നതിലേക്കായി ഒരു ഡോക്ടറെയും, ഡ്രൈവറെയും നിയമിച്ച് പദ്ധതി ഫണ്ടിൽ നിന്നും വേതനവും മരുന്നും അനുവദിച്ചിട്ടുണ്ട്. ജീവനക്കാരുടെ കരാർ ശമ്പളയിനത്തിൽ (കുടിശ്ശിക ഉൾപ്പടെ) മാത്രം 751988/- (ഡോക്ടർ-483581/-, ഡ്രൈവർ-268407/-) രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഇപ്രകാരം നിയമനം നടത്തുന്നതിനും പ്ലാൻ ഫണ്ട് ഉപയോഗിച്ച് വേതനം അനുവദിക്കുന്നതിനും സർക്കാർ അനുമതി ലഭ്യമായതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല.

2.സ.ഉ.(എം.എസ്) നം. 22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 8.10 പ്രകാരം പദ്ധതിയിലൂടെ ശമ്പളം/ഓണറേറിയം അനുവദിക്കുന്നതിനു നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, സ.ഉ.(അച്ചടി) നം.81/2019/ധന തീയതി 09.07.2019 പ്രകാരം കേന്ദ്ര, സംസ്ഥാന പദ്ധതികളുടെ ഭാഗമായി നടത്തുന്ന നിയമനങ്ങൾക്ക് സർക്കാരിന്റെ അനുമതി ആവശ്യമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, വിരമിച്ച ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന്, വിരമിച്ച ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ച തുക, അതാത് കാലത്തുള്ള കരാർ വേതനം/ദിവസന വേതനം മാസ കണക്കിൽ ഇവയിൽ ഏതാണോ കുറഞ്ഞ തുക ആ തുകയാണ് കരാർ വേതനമായി അനുവദിക്കേണ്ടതെന്നും മേൽ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വെറ്റിനറി ക്ലിനിക്കിലേക്ക് നിയമിച്ച ജീവനക്കാർ മുൻപ് സർക്കാർ സേവനത്തിൽ നിയോഗിക്കപ്പെട്ടിരുന്നവരാണ്. എന്നാൽ ഇപ്രകാരം പരിശോധന നടത്തിയതിനുള്ള രേഖകൾ ലഭ്യമായില്ല.

3.വകുപ്പ് 51(1)പ്രകാരം സാധനങ്ങൾ വാങ്ങുകയോ,സേവനങ്ങൾ സ്ഥീകരിക്കുകയോ ചെയ്തശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50ലക്ഷം രൂപയിൽ അധികമാണെങ്കിൽ 1-10-2018 മുതൽ സ്രോതസ്സിൽ നിന്നും ടി.ഡി.എസ് നടത്തേണ്ടതാണ്. കൂടാതെ കേന്ദ്ര ധനകാര്യമന്ത്രാലയം 13-9-2019-ലെ വിജ്ഞാപനം നം.50/2018-സെൻട്രൽ ടാക്സ് പ്രകാരവും ടി.ഡി.എസ് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് വെറ്റിനറി ക്ലിനിക്കിൽ കരാർ വ്യവസ്ഥയിൽ നിയമിച്ച ജീവനക്കാർക്ക് കരാർ പ്രകാരം നൽകിയ തുകയിൽ നിന്നും സ്രോതസ്സിൽ ഈടാക്കേണ്ട ആദായ നികുതി ഈടാക്കിയിട്ടില്ല. കരാർ പ്രകാരം നിയോഗിച്ച ഡോക്ടർക്ക് 483581/രൂപയും,ഡ്രൈവർക്ക് 268407/-രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച് നൽകിയപ്പോൾ ടി.ഡിഎസ്.കിഴിവ് നടത്തിയിട്ടില്ല. മുൻവർഷത്തിൽ ഇപ്രകാരം നൽകിയ തുകയ്ക്ക് സ്രോതസ്സിൽ ഈടാക്കേണ്ട ആദായ നികുതി ഈടാക്കിയിട്ടില്ലായെന്ന് 2021-22-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-14-ലും പരാമർശിച്ചിരുന്നു.മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 24/2023-ന് മറുപടി ലഭ്യമാക്കിയില്ല.

മരുന്ന് വിതരണം -രേഖകൾ ലഭ്യമാക്കിയിട്ടില്ല.

S072, മൊബൈൽ വെറ്ററിനറി ക്ലിനിക് തുടർ ചെലവുകൾ എന്ന പദ്ധതിയ്ക്കായി 700309/- രൂപ വകയിരുത്തി 700000/- രൂപയുടെ മരുന്ന് വാങ്ങുകയും ആയത് സ്റ്റോക്കിൽ രേഖപ്പെടുത്തുകയും ചെയ്യതിട്ടുണ്ട്. രാത്രികാലങ്ങളിൽ ആവശ്യം അനുസരിച്ച് മൃഗങ്ങൾക്ക് മെഡിക്കൽ സേവനം നൽകിയശേഷം ദൂരം അനുസരിച്ച് രസീത് നൽകി തുക ഈടാക്കുന്നുണ്ട്. എന്നാൽ സ്റ്റോക്കിൽ രേഖപ്പെടുത്തിയ മരുന്നുകൾ വിതരണം നടത്തിയതിന്റെ ഏതൊരു രേഖയും ഓഡിറ്റിന് ഹാജരാക്കിയില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 24/2023-ന് മറുപടിയോ രേഖയോ ഹാജരാക്കിട്ടില്ല.ആയതിനാൽ മരുന്ന് വിതരണം നടത്തിയതായി ഉറപ്പുവരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.മരുന്ന് വിതരണം നടത്തി പദ്ധതി വിജയകരമായി പൂർത്തീകരിച്ചതായിയുള്ള ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.അന്വേഷണകുറിപ്പ് 24/2023-ന് മറുപടിയും ആവശ്യപ്പെട്ട രേഖയും ഓഡിറ്റിന് ലഭ്യമാക്കേണ്ടതും, മരുന്ന് വിതരണം കുറ്റമറ്റ രീതിയിൽ നടത്തിയതായി ഉറപ്പുവരുത്തുവാൻ ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും നടപടി സ്ഥീകരിക്കേണ്ടതുമാണ്.

B. ബ്ലോക്ക് പഞ്ചായത്ത് ആരംഭിച്ച പ്രസ്തുത പദ്ധതിപ്രകാരം 2020-21മുതൽ2022-23വരെ ചെലവഴിച്ച തുകയും, വരുമാനമായി ലഭിച്ച തുകയും (നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തൽ ഇല്ലാത്ത രജിസ്റ്റർപ്രകാരം.) ചുവടെ ചേർക്കുന്നു.

പദ്ധതിയ്ക്കായി ചെലവഴിച്ച തുക

| വർഷം | ലഭിച്ച തുക |
|---|---|
| 2020-21 | 969518/- |
| 2021-22 | 569401/- |
| 2022-23 | 15,07,256/- |
| ആകെ | 3046175/- |

വരുമാനമായി ലഭിച്ച തുക

| വർഷം | ലഭിച്ച തുക |
|---|---|
| 2020-21 | 39700/- |
| 2021-22 | 71403/- |
| 2022-23 | 47879/- |
| ആകെ | 158982/- |

പ്രസ്തുത പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് 3 വർഷമായി 3046175/- രൂപ ചെലവഴിച്ചുവെങ്കിലും പദ്ധതിപ്രകാരം 3 വർഷത്തെ വരവ് 158982/- രൂപ മാത്രമാണ്. മേൽ വിവരിച്ച അപാകങ്ങളുടെ അടിസ്ഥാനത്തിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് വേതനം അനുവദിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടില്ലായെങ്കിൽ ആയത് ലഭ്യമാക്കാനും, പദ്ധതി നടത്തിപ്പ് പുന:പരിശോധിക്കേണ്ടതാണെങ്കിൽ ആയത് നടത്തിയും, പദ്ധതി തുടരുന്നുവെങ്കിൽ വിജയകരമായി നടത്തിപ്പിന് ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും അവശ്യംവേണ്ട നടപടി സ്വീകരിക്കേണ്ടതും തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ഗുണഭോക്തൃസമിതി നിർവ്വഹണം നടത്തിയ പ്രോജക്ടിന്റെ കരാർതുക കൈമാറിയത്-ക്രമപ്രകാരമല്ല

പ്രൊജക്ടിന്റെ പേര് : ഗവ. എൽ.പി.എസ്. പൂഴനാട് ടോയ്ലറ്റ് നിർമ്മാണം- ഒറ്റശേഖരമംഗലം ഡിവിഷൻ

പ്രൊജക്ട് നമ്പർ : S01/2022-23

നിർവഹണ ഉദ്യോഗസ്ഥൻ : അസ്സിസ്റ്റന്റ് എൻജിനീയർ

അടങ്കൽ തുക : 5,00,000/-

ചെലവ് തുക : 499568/-

ബിൽ നം./തുക : 456/21-03-2023 ; 499568/-

2022-23 വർഷത്തിൽ അസ്സിസ്റ്റന്റ് എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഗവ. എൽ.പി.എസ്. പൂഴനാട് ടോയ്ലറ്റ് നിർമ്മാണ പദ്ധതിക്കായി ഹെഡ്മാസ്റ്റർ കൺവീനറായി ഗുണഭോക്തൃകമ്മിറ്റി രൂപീകരിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതാണ്. കരാർ തുക 29.03.2023 തീയതിയിൽ ഗുണഭോക്തൃകമ്മിറ്റി കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിലേക്ക് 484580/- രൂപ കൈമാറി. എന്നാൽ 31.03.2023 തീയതിയിൽ മേൽ തുക മുഴുവൻ സി. യേശുദാസ് എന്ന കോൺട്രാക്ടർക്ക് ചെക്ക് മുഖേന നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നമ്പർ 20/24.6.23 ൽ ഇപ്രകാരം ഗുണഭോക്തൃകമ്മിറ്റികൾ നടപ്പിലാക്കിയ പ്രോജക്ടിന് കോൺട്രാക്ടർക്ക് തുക കൈമാറിയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി മേൽ തുക കോൺട്രാക്ടർക്ക് നല്കിയത് ബ്ലോക്കിന്റെ അറിവോടെയല്ലായെന്നാണ് അറിയിച്ചത്. ഗുണഭോക്തൃകമ്മിറ്റികൾ മുഖേന നടപ്പാക്കേണ്ട പദ്ധതികളിൽ യഥാർത്ഥ ഗുണഭോക്തൃകമ്മിറ്റികൾ വഴി തന്നെയാണ് പ്രവൃത്തികൾ നിർവഹിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-13 അടങ്കൽ തുക കുറവായ പ്രവർത്തികൾ നടപ്പിലാക്കി-സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധം-

ബ്ലോക്ക് പഞ്ചായത്തുകൾ കുറഞ്ഞത് അഞ്ച് ലക്ഷം രൂപയെങ്കിലും അടങ്കലുള്ള പ്രോജക്ടുകൾ മാത്രമെ ഏറ്റെടുക്കാവൂ എന്ന് 19/04/2022 ലെ പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം 84/22 ത.സ്വ.ഭ.വ. ഖണ്ഡിക നമ്പർ 3.5.8(1) ൽ നിഷ്കർഷിക്കുന്നുണ്ട്. ഘടക സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തികൾക്കോ, വാങ്ങലുകൾക്കോ, അറ്റകുറ്റ പണികളും, പൂർത്തീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനോ ഈ വ്യവസ്ഥ ബാധകമല്ല. പൊതുമരാമത്തിൽ ഇപ്രകാരം നിബന്ധന പാലിക്കാത്ത എതാനും ചില പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത് ക്രമപ്രകാരമല്ല. ഭാവിയിൽ പ്രോജക്ടുകൾ രൂപീകരിക്കുമ്പോൾ ഇത് സംബന്ധിച്ച നിബന്ധനകൾ പാലിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1. | 208/23, പനയാട്-മുട്ടച്ചൽ അണമുഖം ഓട നിർമ്മാണം | 300000/- | 299886/- |
| 2. | 92/23, പുലിയൂർശാല പൊട്ടൻചിറ റോഡ് പൂർത്തീകരണം | 300000/- | 299937/- |
| 3. | 27/23, മൈപ്പറമ്പ് കുളം നവീകരണം | 67054/- | 46819/- |

| | | | |
|---|---|---|---|
| 4. | 164/23, വ്ളാവെട്ടി സെറ്റിൽമെന്റ് കോളവ് കുളം പൂർത്തീകരണം | 318685/- | 308633/- |
| 5. | 5/23, പുളിങ്കുടി-തലയ്ക്കൽതോട് നവീകരണം | 306246/- | 306241/- |
| 6. | 206/23, മറിയാംകോട് പ്ാലിതലയ്ക്കൽകോവിലുവിള റോഡ് ടാറിംഗ് | 314422/- | 314415/- |
| 7. | 181/23, കോവിലുവിള പുളകിൽ കോണംബണ്ട് റോഡ് | 418329/- | 418277/- |
| 8. | 8/23, മമ്പറക്കുളം നവീകരണം | 474085/- | 472979/- |

## 1-14 യാത്രബത്ത നൽകൽ -നിയമാനുസൃതമാക്കണം

സർക്കുലർ നമ്പർ 20233/പി.3/1998/തസ്വഭവ.തിയതി 14-12-1998 പ്രകാരം പഞ്ചായത്തിന്റെ ഔദ്യോഗിക കാര്യങ്ങൾക്ക് വേണ്ടിയും, സർക്കാരോ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ വിളിച്ചുകൂട്ടുന്ന യോഗങ്ങളിലോ പങ്കെടുക്കുന്നവർക്ക് യാത്രാബത്തയ്ക്ക് അർഹതയുണ്ട്. എന്നാൽ അത്തരം യാത്രകൾ ബ്ലോക്ക് പഞ്ചായത്ത് ചുമതലപ്പെടുത്തിയ അനുമതി ആവശ്യമാണ്. പഞ്ചായത്ത് രാജ് നിയമപ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തി അംഗീകരിച്ച് നൽകിയ ഔദ്യോഗിക യാത്രകൾക്ക് നിയമാനുസൃത യാത്രാ ബത്ത അനുവദിക്കാവുന്നതാണ്. എന്നാൽ ബ്ലോക്ക് ജനപ്രതിനിധികൾ സമർപ്പിച്ച യാത്രാനോട്ടുകളിൽ വിവരിക്കുന്ന യാത്രകൾ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തി അംഗീകരിച്ച് നൽകിയതിന്റെ രേഖകൾ ഇല്ലാതെ യാത്രബത്ത അനുവദിച്ചിരിക്കുന്നു. ഉദാ.ചുവടെ ചേർക്കുന്നു.

| എത്തി ചേരുന്ന സ്ഥലം | യാത്രാ ഉദ്ദേശം |
|---|---|
| തിരുവനന്തപുരം | SC വിദ്യാർത്ഥികളുടെ ആനുകൂല്യം സംബന്ധിച്ച് |
| ,, | വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കാൻ |
| പെരുങ്കിടവിള | SCDO OFFICE |
| പെരുങ്കിടവിള | CDPO Office |
| തിരുവനന്തപുരം | വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുവാൻ |
| പെരുങ്കിടവിള | MGNREGS യോഗം |
| കുന്നത്തുകാൽ | പട്ടയമേള |
| ധനുവച്ചപുരം | PHC യിലെ HMC മീറ്റീംഗ് |
| പെരുങ്കിടവിള | ബ്ലോക്ക് ആഫീസിലെ ഹരിത സംഗമം |
| പെരുങ്കിടവിള | വാദ്യം കുഴി തോടിന്റെ വർക്ക് പരിശോധിക്കാൻ. |
| പെരുങ്കിടവിള | ബ്ലോക്ക് അഫീസ്- പ്രോജക്ട് റിവ്യൂ |
| പെരുങ്കിടവിള | SC വിദ്യാർത്ഥികളുടെ പഠനമുറി ആനുകൂല്യം അന്വേഷിക്കൽ |
| തിരുവനന്തപുരം | AEE -യെ കാണാൻ |
| സപ്ലൈ ആഫീസ് | BPL കാർഡ് അപേക്ഷ -അന്വേഷണം |

ഇപ്രകാരം മേൽ വിവരിച്ചതും അല്ലാത്തതുമായ ധാരാളം യാത്രകൾ നടത്തിയതായി രേഖപ്പെടുത്തിയ യാത്രനോട്ടുകൾ ജനറൽ കമ്മിറ്റി ചുമതലപ്പെടുത്തിയ വിവരങ്ങൾ ലഭ്യമാക്കാതെ തുക അനുവദിച്ചു. ഇപ്രകാരം നടത്തിയ യാത്രകൾ ബ്ലോക്ക് ഭരണസമിതി ചുമതലപ്പെടുത്തി അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാനും, അംഗീകരിച്ചിട്ടില്ലായെങ്കിൽ ക്രമവിരുദ്ധമായി യാത്രാബത്ത അനുവദിച്ച് നൽകിയതിനുള്ള വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 28/2023-ന് മറുപടി സെക്രട്ടറി ലഭ്യമാക്കിയില്ല.

2.ഒരു ദിവസം തന്നെ ഭരണസമിതി യോഗത്തിൽ പങ്കെടുത്ത് സിറ്റിംഗ് ഫീസ് കൈപ്പറ്റുകയും ആ ദിവസം തന്നെ 500/-രൂപ യാത്രാ ബത്തയും കൈപ്പറ്റി.ഉദാ.ചുവടെ ചേർക്കുന്നു.

| TA വാങ്ങിയ ദിവസം | യാത്ര ഉദ്ദേശം | ജനപ്രതിനിധി പങ്കെടുത്ത ഭരണസമിതി യോഗ ദിവസം |
|---|---|---|
| 20/6/2022 | തിരുവനന്തപുരം-ജില്ലാ പഞ്ചായത്ത്- റോഡ് ടാർ ചെയ്യുന്നതിന് ആവശ്യമായ ഫണ്ടിന് വേണ്ടി | 20/6/2022 |
| 10/11/2022 | ആനപ്പാറ എച്ച്.എം.സി. പ്രവർത്തന അവലോകനം | 10/11/2022 |

ഇപ്രകാരം ഭരണസമിതി യോഗത്തിൽ പങ്കെടുത്ത ദിവസങ്ങളിൽ ഫുൾയാത്രാ ബത്ത അനുവദിച്ചതിനുള്ള സാഹചര്യം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 28/2023 -ന് മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം ഭരണസമിതിയുടെ ചുമതലപ്പെടുത്തിയും അംഗീകരമില്ലാതെയും, ക്രമവിരുദ്ധമായും യാത്രാബത്ത നൽകുന്നത് അംഗീകരിക്കാവുന്നതല്ല. യാത്രബത്ത നൽകുന്നത് നിയമാനുസൃതമാണെന്ന് ഭരണസമിതിയും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പ് വരുത്തി തുടർനടപടി സ്ഥീകരിക്കുന്നതുമാണ്. അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15 കുടിവെള്ള പദ്ധതി- തുടർ നടത്തിപ്പ്, ആസ്തി രജിസ്റ്റർ രേഖപ്പെടുത്തലുകൾ എന്നിവ ഉറപ്പ് വരുത്തണ്ടതാണ്

പ്രൊജക്റ്റിന്റെ പേര് : തേവരുകോണം ക്ഷേത്രനട കുടിവെള്ള പദ്ധതി

പ്രൊജക്റ്റ് നമ്പർ : S044/2022-23

നിർവഹണ ഉദ്യോഗസ്ഥൻ : അസ്സിസ്റ്റന്റ് എൻജിനീയർ

അടങ്കൽ തുക : 644161/-

ചെലവ് തുക : 635189/-

ബിൽ നം./തുക : 168/05-12-2022 ; 149811/-

` 290/01-02-2023; 45380/-

505/25-03-2023; 439998/-

2022-23 സാമ്പത്തിക വർഷത്തിൽ അസ്സിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ തേവരുകോണം ക്ഷേത്രനട കുടിവെള്ള പദ്ധതിക്കായിയിട്ടുള്ള ഭൂമി ആര്യങ്കോട് ഗ്രാമപഞ്ചായത്തിന് വിട്ടു നൽകുന്നതായി 13.03.2023 ന് ക്ഷേത്ര ട്രസ്റ്റ് സമ്മതപത്രം നൽകിയത് ഫയലിൽ ഉണ്ട്. നിലവിൽ ടാങ്ക് ഉൾപ്പെടുന്ന സ്ഥലം ക്ഷേത്ര ചുറ്റമതിലിനുള്ളിലാണ്. പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ ആസ്തിയാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (21/30.6.23) ആര്യൻകോട് പഞ്ചായത്തിൽ നിന്നും വിവരം ലഭ്യമാക്കി ഓഡിറ്റിന് അറിയിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമായത്. പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തി തുടർ നടത്തിപ്പ്, പരിപാലനം എന്നിവ ഉറപ്പാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 രേഖാമൂലമുള്ള അനുമതിയില്ലാതെ പ്രവൃത്തികൾ നടപ്പിലാക്കുന്നു

2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന 61 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികളിൽ 36 എണ്ണവും ബ്ലോക്കിനു കീഴിലുള്ള പഞ്ചായത്തു ആസ്തികളിൽ നടന്നവയാണ്. സ്കൂളുകളുടെ ടോയ്‌ലറ്റ് നിർമ്മാണം, കുടിവെള്ള പദ്ധതി എന്നിങ്ങനെ 14 പദ്ധതികളും ഉണ്ട്. ഇവയൊന്നും തന്നെ രേഖാമൂലമുള്ള അനുമതി ഇല്ലാതെയാണ്. 29.01.2018 ലെ GO (MS) 11/2018/LSGD എന്ന ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകൾക്കായി പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതം വാങ്ങണം. കൂടാതെ റോഡുകളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ മാത്രമേ ഏറ്റെടുക്കുവാൻ പാടുള്ളൂ. ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി കഴിഞ്ഞാൽ അതാത് പഞ്ചായത്തുകൾക്ക് വിശദാംശങ്ങൾ (മൂല്യം, അളവ് തുടങ്ങിയവ) കൈമാറി, അവരുടെ ആസ്തിയിൽ അവ ഉൾപ്പെടുത്തേണ്ടതുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള രേഖാമൂലമുള്ള സമ്മതമോ, നടപ്പിലാക്കിയ പദ്ധതികളിലൂടെ സൃഷ്ടിക്കപ്പെട്ട ആസ്തി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ വിവരവും ഇല്ല. ഈ വിവരം ഉൾപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിയുടെ 1/24.06.2023 ന്റെ മറുപടിയിൽ ഓരോ പദ്ധതിക്കും രേഖാമൂലമുള്ള അനുമതി അതാതു പഞ്ചായത്തിൽ നിന്നും നേടിയിരുന്നില്ലായെന്നും വരും വർഷങ്ങളിൽ അനുമതി രേഖാമൂലം വാങ്ങി സൂക്ഷിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

ആയതിനാൽ ഗ്രാമപഞ്ചായത്തുകൾക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ട് ഉപയോഗപ്പെടുത്തി ആർജ്ജിക്കുന്ന ആസ്തികൾ രേഖകൾ സഹിതം ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധ നൽകേണ്ടതാണ്.

## 1-17 മുഴവൻ തുകയ്ക്കും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 8240/- രൂപ തിരികെ അടവാക്കണം

ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ (മെയിൽ) നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ SO 129/23 നമ്പർ “സ്നേഹസ്പർശം” പദ്ധതി പ്രകാരം മാനസിക വെല്ലുവിള നോരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിനായി വികസനഫണ്ടിൽ നിന്നും 2805375/- രൂപ വകയിരുത്തി 8 പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി 2739750/- രൂപ ചുവടെ വിവരിക്കുന്ന ബില്ലുകൾ പ്രകാരം നൽകി ചെലവഴിച്ചു.

| പ്രോസീഡിംഗ്സ് നം., തിയതി | തുക |
|---|---|
| 145, 27/22/2022 | 180000/- |
| 146, 21/11/2022 | 110000/- |
| 188, 14/12/2022 | 255000/- |
| 189, 14/12/2022 | 128000/- |
| 190, 14/12/2022 | 249375/- |
| 191, 14/12/2022 | 305250/- |
| 192, 14/12/2022 | 507750/- |
| 193, 14/12/2022 | 212000/- |
| 233, 3/1/2023 | 85500/- |
| 306,8/2/2023 | 221875/- |
| 453,21/3/2023 | 197500/- |
| 531, 29/3/2023 | 51357 |
| 534,29/3/2023 | 86000/- |
| 540, 31/3/2023 | 150125 |
| 542, 31/3/2023 | 8240 |
| ആകെ | 2747990/- |

പഞ്ചായത്തുകൾക്ക് നൽകിയ ബ്ലോക്ക് വിഹിതം.

| | |
|---|---|
| പെരുങ്കടവിള | 331857 /- |
| കൊല്ലയിൽ | 305250/- |
| വെള്ളറട | 417740/- (വിനിയോഗ സാക്ഷ്യപത്രം 409500/- രൂപയ്ക്ക് ലഭ്യമാക്കി. 8240/- രൂപ നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. |
| അമ്പൂരി | 334875/- |
| കള്ളിക്കാട് | 255000/- |
| ആര്യൻകോട് | 364125/- |
| ഒറ്റശേഖരമംഗലം | 231375/- |
| ആകെ | 2805375/- |

വെള്ളറട ഗ്രാമപഞ്ചായത്തിന് 417740/- രൂപ നൽകിയെങ്കിലും വിനിയോഗസാക്ഷ്യപത്രം 409500/- രൂപയ്ക്ക് മാത്രം ലഭ്യമാക്കിട്ടുള്ളു. 8240/-രൂപ നാളിതുവരെ തിരികെ അടവാക്കാത്തതിനാലും, പദ്ധതികളുടെ പഞ്ചായത്ത് തല മോണിറ്ററിംഗ് റിപ്പോർട്ടുകൾ ലഭ്യമാക്കാത്തതിനാലും നൽകിയ അന്വേഷണകുറിപ്പ് 25/2023 -ന് നൽകിയ മറുപടിയിൽ കൊല്ലയിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കുന്നുവെന്നും, വെള്ളറട ഗ്രാമപഞ്ചായത്ത് 8240/- രൂപ ഉടൻ സറണ്ടർ ചെയ്യുന്നതാണെന്നും, മറ്റ് പഞ്ചായത്തുകളിൽ നിന്നും മേണിറ്ററിംഗ് റിപ്പോർട്ടുകൾ ലഭ്യമാക്കി തുടർനടപടി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചു. വെള്ളറട ഗ്രാമപഞ്ചായത്തിൽ നിന്നും 8240/- രൂപ തിരികെ ഈടാക്കി പ്ലാൻ ഫണ്ടിൽ അടവാക്കിയും,കൊല്ലയിൽ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള മറ്റ് പഞ്ചായത്തുകളിൽ നിന്നും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടുകളും ലഭ്യമാക്കേണ്ടതുമാണ്.

## 1-18 വെള്ളറട സി.എച്ച്.സി.യുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വരവ് തുകയിൽ ക്രമക്കേട്-തുടർനടപടി സ്വീകരിക്കണം

16/8/2022ൽ കൂടിയ ജനറൽ കമ്മിറ്റി തീരുമാനം 1(2)തീരുമാനപ്രകാരം വെള്ളറട സി.എച്ച് സി-യുടെ ക്യാഷ് ബുക്ക് പരിശോധനയിൽ വരവിൽ നിന്നും 625083/- രൂപ കുറവായി ബാങ്കിൽ അടവാക്കിയതായി കണ്ടെത്തിയെന്ന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ചർച്ച ചെയ്യുകയും ഉത്തരവാദിയായ ഉദ്യോഗസ്ഥനായ

ശ്രീ.ഷിജുകുമാറിനെ ജോലിയിൽ നിന്നും മാറ്റി നിർത്താനും തീരുമാനിച്ചു. കുറവായി അടവാക്കിയ 625083/- രൂപ ടിയാനിൽ നിന്നും തിരികെ ഈടാക്കണം എന്നും തീരുമാനിച്ചു. പ്രസ്തുത തീരുമാനം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വെള്ളറട സി.എച്ച്.സി. മെഡിക്കൽ ഓഫീസറേട് പ്രസ്തുത ഭരണസമിതി തീരുമാനം പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദവിവരവും, തുക തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും, വെള്ളറട സി.എച്ച്.സി-യുടെ വരവ് ചെലവ് കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അവസാനമായി ഓഡിറ്റ് നടത്തിയതിന്റെ വിവരം ലഭ്യമാക്കാനും, സമയബന്ധിതമായി വെള്ളറട സി.എച്ച്.സി-യുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കാനും നൽകിയ അന്വേഷണകുറിപ്പ് 7/2023 -ന് പ്രധാന മെഡിക്കൽ ആഫീസർ മറുപടി ലഭ്യമാക്കിയില്ല. കൂടാതെ അന്വേഷണകുറിപ്പ് 16/2023 പ്രകാരം പെരുങ്കടവിള സി.എച്ച്.സി.യിലെ പ്രധാന മെഡിക്കൽ ആഫീസറോട് എച്ച്.എം.സി-യുടെ ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ഓഡിറ്റ് നടത്തിയിട്ടില്ലായെന്നും അറിയിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള പെരുങ്കടവിള, വെള്ളറ സി.എച്ച്.സി.കളുടെ ആശുപത്രി വികസന ഫണ്ടിന്റെ ബാങ്ക് പാസ്ബുക്കുകൾ മാത്രമാണ് ഓഡിറ്റിന് ലഭിച്ചത്. ആയതിനാൽ വെള്ളറട സി.എച്ച്.സി.യുടെ ആശുപത്രി വികസന ഫണ്ടിന്റെ അപാകതകളെ കുറിച്ച് ഓഡിറ്റിന് കൂടുതൽ വിവരം ലഭ്യമായിട്ടില്ല.

സ.ഉ.(ആർ.ടി)നം.3379/2004/എച്ച് &എഫ് ഡബ്ല്യൂ ഡി.തിയതി 03/12/2004 ഉത്തരവ് പ്രകാരം സർക്കാർ ആശുപത്രികളിലെ/മെഡിക്കൽ കോളേജ് ആശുപത്രികളിലെ/സ്പെഷ്യാലിറ്റി ആശുപത്രികളിലെ വികസന സമിതികൾ/ആശുപത്രി വികസന സംഘങ്ങൾ എന്നിവയുടെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റിനെ ഏൽപ്പിച്ചിട്ടുണ്ട്. തുടർന്ന് 14-03-2007-ലെ സ.ഉ.(എം.എസ്.)നം.79/2007/തസ്വഭവ പ്രകാരം ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിക്കുവാൻ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനുശേഷം സ.ഉ.(എം.എസ്)നം.125/2010/തസ്വഭവ തിയതി-15-6-2010 പ്രകാരം പുതിയ ചട്ടം നിലവിൽ വന്നു. പുതുക്കിയ ചട്ടം 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ എന്നറിയപ്പെടുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ ചട്ടം 3(2) പ്രകാരം സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ-ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, മെഡിക്കൽആഫീസർ തുടങ്ങിയ 15 അംഗങ്ങൾ അടങ്ങിയ ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ചട്ടം3(11) പ്രകാരം സി.ഡി.പി.ഒ., ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവർ സ്ഥിരം ക്ഷണിതാക്കൾ ആണ്. ചട്ടം 4(2)പ്രകാരം സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ ക്രമക്കേടും അഴിമതിയും തടയാൻ പ്രസ്തുത മാനേജിംഗ് കമ്മിറ്റിയ്ക്ക് ചുമതലയുണ്ട്. ആശുപത്രി വികസന ഫണ്ടിന്റെ വരവ്-ചെലവ് കണക്ക് സൂക്ഷിക്കേണ്ടത് മെമ്പർ സെക്രട്ടറിയായ പ്രധാന മെഡിക്കൽ ഓഫീസർ ആണ്. ചട്ടം 9(1) പ്രകാരം ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്ന് കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് നടത്തേണ്ടതാണ്.

മേൽ വിവരിക്കും പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ രൂപീകരണം, നടത്തിപ്പ്, പരിശോധനകൾ എന്നിവയ്ക്ക് വ്യക്തമായ ചട്ടങ്ങൾ നിലവിലുള്ളപ്പോൾ, ആശുപത്രി വികസന ഫണ്ടിന്റെ ശരിയായ വിനിയോഗം, ഓഡിറ്റ് എന്നിവ നടത്താൻ ആശുപത്രി വികസന സമിതിയ്ക്ക് സാധിച്ചിട്ടില്ല. ഫണ്ടിന്റെ ഓരോ വർഷത്തെയും വാർഷിക ധനകാര്യപത്രിക കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിന് വിധേയമാക്കി റിപ്പോർട്ട് വാർഷിക യോഗത്തിൽ അവതരിപ്പിക്കുന്നതിൽ ആശുപത്രി വികസന സമിതിയും മെമ്പർ സെക്രട്ടറിയായ പ്രധാന മെഡിക്കൽ ഓഫീസറും വേണ്ടത്ര ജാഗ്രത പുലർത്താത്തതിനാലാണ് ആശുപത്രി വികസന ഫണ്ടിൽ നിന്നും 625083/- രൂപയോളം (ബ്ലോക്ക് പഞ്ചായത്തിന്റെ മിനിട്സ് പ്രകാരം) നഷ്ടപ്പെടാൻ കാരണമായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയും, ബന്ധപ്പെട്ട ആശുപത്രി വികസന സമിതികളും പെരുങ്കടവിള,വെള്ളറ സി.എച്ച്.സി.കളുടെ ആശുപത്രി വികസന ഫണ്ടുകളുടെ വാർഷിക ധനകാര്യപത്രികകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കി ഓഡിറ്റിന് വിധേയമാക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. അന്വേഷണകുറിപ്പിനുള്ള മറുപടിയും തുടർനടപടികളുടെ വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 മരുന്ന് വാങ്ങൽ-ഫൈനൽ ബില്ലും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയില്ല-തുടർനടപടി സ്വീകരിക്കണം

പ്രോജക്ട് നമ്പർ 56/22-23 പ്രകാരം വെള്ളറട സി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങുന്നതിന് വേണ്ടി റോഡിതര ഫണ്ടിൽ നിന്നും വെള്ളറട സി.എച്ച്.സി.യിലെ പ്രധാന മെഡിക്കൽ ആഫീസർ നിർവഹണം നടത്തി 1800000/- രൂപ വകയിരുത്തി 1701612/- രൂപ വിവിധ ഇൻവോയിസുകൾ പ്രകാരം ഇൻ ഹൗസ് ഡ്രൈസ് ബാങ്കിന് ചുവടെ പറയുന്ന ബില്ലുകൾ പ്രകാരം തുക നൽകി.

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 6/21.10.2022 | 430115/- |

| | |
|---|---|
| 12/21.10.2022 | 495680/- |
| 11/21.10.2022 | 74205/- |
| 63/31.03.2023 | 701612/- |
| ആകെ | 1701612/- |

ഇപ്രകാരം തുക നൽകിയെങ്കിലും മരുന്ന് ലഭിച്ചതിന്റെ രേഖയോ, സ്റ്റോക്കിൽ എടുത്തതിന്റെ രേഖയോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത തുകയ്ക്ക് മരുന്ന് പൂർണ്ണമായും ലഭിച്ചുവെന്നും, മരുന്ന് രോഗികൾക്ക് ലഭ്യമായോയെന്നും ഉറപ്പുവരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.ഫൈനൽ ബില്ലും സ്റ്റോക്ക് രജിസ്റ്ററും ലഭ്യമാക്കാനും, TR.7 A മാതൃകയിൽ തയ്യാറാക്കിയ ക്യാഷ് ബുക്ക് പരിപാലിക്കാത്തതിനും, സെക്കന്ററി പാലിയേറ്റീവ് കെയർ ഫീൽഡ് ബുക്ക് പ്രധാന മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനുള്ള വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ 7/2023-നമ്പർ അന്വേഷണകുറിപ്പിന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച് 2മാസത്തിനകം ഫൈനൽ ബില്ലും സ്റ്റോക്ക് വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് പരാമർശങ്ങൾ ജനറൽ കമ്മിറ്റിയും, ആരോഗ്യ-വിദ്യാഭ്യാസകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 റിവോൾവിംഗ് ഫണ്ട് ജനകീയ ഹോട്ടലിനു കൈമാറിയതിനുള്ള രേഖകൾ ലഭ്യമായില്ല

പ്രോ. നം. 12/23 ജനകീയ ഹോട്ടൽ

അടങ്കൽ തുക - 20000/-

ചെലവു തുക - 20000/-

ഫണ്ടിനം - വികസനഫണ്ട് പൊതു വിഭാഗം

ബിൽ നം./തീയതി - 2/2022-23/30.01.2023

നിർവഹണാധികാരി - ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ

പദ്ധതി പ്രകാരം ചെമ്പൂര് സ്ത്രീ സൗഹൃദ ജനകീയ ഹോട്ടലിന്റെ പ്രവർത്തനങ്ങൾക്കായി റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 20,000/- രൂപ ആര്യങ്കോട് ഗ്രാമപഞ്ചായത്തിനു കൈമാറിയിട്ടുണ്ട്. പ്രസ്തുത തുക ചെമ്പൂര് സ്ത്രീ സൗഹൃദ ജനകീയ ഹോട്ടലിന് അനുവദിച്ചതിനുള്ള രേഖകൾ ലഭ്യമായില്ല.

സ.ഉ.(കൈ) നം. 22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 21.2 പ്രകാരം റിവോൾവിംഗ് ഫണ്ട് എന്നത് താൽക്കാലികമായ പലിശ രഹിത പ്രോത്സാഹനം മാത്രമാണെന്നും, പ്രസ്തുത തുക പ്രതിമാസ തവണകളായി തിരികെ റിവോൾവിംഗ് ഫണ്ട് റീക്രൂപ്പ്മെന്റ് അക്കൗണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം തുക തിരികെ റീകുപ്പ്മെന്റ് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നതും വ്യക്തമല്ല. പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/21.06.2023) പദ്ധതി തുക ആര്യങ്കോട് ഗ്രാമപഞ്ചായത്തിനു കൈമാറി എന്നും, റിവോൾവിംഗ് ഫണ്ട് ആയി അനുവദിക്കുന്നത് ഗ്രാമപഞ്ചായത്ത് ആണെന്നും, തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനു ഗ്രാമപഞ്ചായത്തിനു നിർദ്ദേശം നൽകിയതായും മറുപടി നൽകി.

തുക ജനകീയ ഹോട്ടലിനു കൈമാറിയതു സംബന്ധിച്ച രേഖകളും, തുക റിവോൾവിംഗ് ഫണ്ട് ആയി ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനം ഒരുക്കിയതിനുള്ള രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-21 ഉത്പാദന മേഖലയ്ക്ക് വകയിരുത്തിയ ഫണ്ടുപയോഗിച്ച് പശ്ചാത്തല വികസന പ്രവൃത്തികൾ നടപ്പാക്കുന്നു

എ) പ്രോ. നം. 69/23 കാർഷിക വിപണന കേന്ദ്രം അടിസ്ഥാന സൗകര്യം

അടങ്കൽ തുക - 794504/-

ചെലവു തുക - 566050/-

ഫണ്ടിനം - വികസനഫണ്ട് പൊതു വിഭാഗം

നിർവഹണാധികാരി - അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)

ബി) പ്രോ. നം. 70/23 വി.എഫ്.പി.സി.കെ - കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

അടങ്കൽ തുക - 567945/-

ചെലവു തുക - 366008/-

ഫണ്ടിനം - വികസനഫണ്ട് പൊതു വിഭാഗം

നിർവഹണാധികാരി - അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)

മേൽ പദ്ധതികളിലൂടെ കുന്നത്തുകാൽ, കൊല്ലയിൽ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക വിപണന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനായി മരാമത്ത് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. മരാമത്ത് പദ്ധതികളുടെ നിർവഹണം എഞ്ചിനീയറിംഗ് വിഭാഗത്തിന് നൽകണമെന്നിരിക്കേ മേൽ പ്രവൃത്തികളുടെ നിർവഹണാധികാരിയായി എ.ഡി.എ. യെ ചുമതലപ്പെടുത്തിയതിനുള്ള കാരണം വ്യക്തമല്ല. ഉത്പാദന മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വകയിരുത്തി പശ്ചാത്തല വികസന പ്രവൃത്തികൾ നടപ്പാക്കിയതിനുള്ള കാരണവും വ്യക്തമല്ല.

മേൽ പ്രകാരമുള്ള വിപണന കേന്ദ്രങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെയോ, ഗ്രാമപഞ്ചായത്തുകളുടെയോ ആസ്തിയാണോ എന്നതും വ്യക്തമല്ല. ആസ്തി രജിസ്റ്റർ, ആസ്തികളുടെ യുണിക് നമ്പർ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമായില്ല. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളോ, കാർഷിക വിപണന കേന്ദ്രവുമായി ബന്ധപ്പെട്ട സമിതി/ഉണഭോക്താക്കളോ ആവശ്യപ്പെട്ടതായും കാണുന്നില്ല. മേൽ പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ, മറുപടി ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/22.06.2023) മറുപടി ലഭ്യമാക്കിയില്ല. ഉത്പാദന മേഖലയിലെ ഫണ്ട് മറ്റു മേഖലകളിലേക്ക് വകമാറ്റുന്നതും, സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള പദ്ധതികളുടെ നിർവഹണം മറ്റു വിഭാഗം ജീവനക്കാരിലൂടെ നിർവഹണം ചെയ്യുന്നതും ഗുരുതരമായ വീഴ്ചയാണ്. അപാകങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത്തരം അപാകങ്ങൾ കർശനമായി ഒഴിവാക്കേണ്ടതുമാണ്. പദ്ധതി നിർവഹണത്തിലെ അപാകങ്ങൾക്ക് മറുപടി, ആസ്തികളുടെ വിശദാംശം തുടങ്ങിയവ ലഭ്യമാക്കേണ്ടതാണ്.

## 1-22 ഡെപ്പോസിറ്റ് വർക്ക് -കരാർ ചമച്ചിട്ടില്ല

പ്രോജക്ട് നമ്പർ/പേര് – S0087/23 (മെക്കോല-പുന്നോട്ടുകോണം കരിക്കോട്ടുവിള ചാനൽ പാലം നിർമ്മാണവും നടപ്പാത കോൺക്രീറ്റിംഗ്

ഫണ്ട് – വികസനഫണ്ട് (SCP)

അടങ്കൽ – 1255148/-

ചെലവ് - ബിൽ നമ്പർ 23/22.12.22 – Rs 12 ലക്ഷം

നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

കരിക്കോട്ടുവിള ചാനലിന് കുറുകെ പാലവും അതിലേയ്ക്കുള്ള റോഡും നിർമ്മിക്കുന്നതിന് പാറശ്ശാല ചാനൽസെക്ഷനിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള പന്ത്രണ്ട് ലക്ഷം രൂപ ഇറിഗേഷൻ വകുപ്പിൽ 27-12-2022 ൽ ഒടുക്കിയിട്ടുണ്ട്. ഡെപ്പോസിറ്റ് വർക്കുകളിൽ തദ്ദേശ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷമേ മുൻകൂർ നല്കാവൂ എന്ന് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖയിലും (ഖണ്ഡിക നമ്പർ 12.ഡി.(11) അനുശാസിക്കുന്നു. ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 10/22.0.23) മറുപടിയായി കരാർ വച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. 25.11.2019 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.161/2019/ഫിൻ പ്രകാരമുള്ള Defect Liability Period നിർബന്ധമാക്കേണ്ടതാണ്. എത്രയും വേഗം നിബന്ധനകളോട്ടുകൂടിയ കരാർ ചമയ്ക്കുകയും കരാർ വ്യവസ്ഥകൾ പാലിച്ച് പാലം പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-23 അടിസ്ഥാന സൗകര്യം ഒരുക്കാതെ ലാബ് ഉപകരണങ്ങൾ വാങ്ങി-41,000/- രൂപ തടസ്സം ചെയ്യുന്നു

പ്രോജക്ട് നമ്പർ – 123/23
പ്രോജക്ട് പേര് – അസി. എക്സി.എഞ്ചിനീയറുടെ ഓഫീസിൽ ദൈനംദിന ചെലവുകൾ
അടങ്കൽ – 2,00,000/- (മെയിൻറനൻസ് ഫണ്ട്)
ചെലവ് – 41,000/- (40/21.3.23)
നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

ദൈനംദിന ചെലവുകൾ, കമ്പ്യൂട്ടർ, മറ്റ് അനുബന്ധ ചെലവുകൾക്കായി വിഭാവനം ചെയ്ത പ്രോജക്ടിൽ നിന്നും ബാക്കി വന്ന തുകയ്ക്ക് പൊതുമരാമത്ത് പ്രവൃത്തികളുടെ ക്വാളിറ്റി ടെസ്റ്റ് ചെയ്യുന്നതിനുള്ള" Quality Control Lab" ലേയ്ക്കുള്ള ലാബ് ഉപകരണങ്ങൾ 53,563/- രൂപയ്ക്ക് ക്വട്ടേഷൻ നടപടികളിലൂടെ ഇൻറർ മീഡിയ ഏജൻസീസിൽ നിന്നും സാമ്പത്തിക വർഷം വാങ്ങി. 41,000/- രൂപ തൻവർഷം ചെലവ് ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 12563/- രൂപ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ലഭ്യമാകാത്തതിനാൽ 2023-24 വർഷം പുതിയ പദ്ധതിക്ക് അംഗീകാരം നേടിയിട്ടുണ്ടെന്നും ലാബിന്റെ

പ്രവർത്തനം ഉടൻ ആരംഭിക്കുമെന്നും ഓഡിറ്റ് എൻക്വയറി നം. (4/24.06.2023) നമ്പള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ലാബ് സൗകര്യം ഉറപ്പാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വാങ്ങിയ ലാബ് ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യാതെ ഓഫീസിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതായാണ് കണ്ടത്. ലാബ് സൗകര്യം ഒരുക്കാതെ ലാബ് ഉപകരണങ്ങൾ വാങ്ങിയതുമൂലം നാളിതുവരെ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല.

## 1-24 പി.എം.എ.വൈ വീട് പണിപൂർത്തീകരിച്ചില്ല

പി.എം.എ.വൈ പദ്ധതിപ്രകാരം കരാറിലേർപ്പെട്ട് 1 വർഷം കഴിഞ്ഞിട്ടും വീടുപണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ഐഡി നം. | ഗ്രാമപഞ്ചായത്ത് | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | അഖില .എം | KL149309162 | അമ്പൂരി | 376000 | മേൽക്കൂര |
| 2 | അനീഷ്.കെ | KL150679579 | അമ്പൂരി | 406000 | ലിന്റിൽ |
| 3 | ഷീനാമോൾ | KL146995084 | അമ്പൂരി | 350000 | ലിന്റിൽ |
| 4 | ഷാരോൺ | KL149701344 | അമ്പൂരി | 486000 | മേൽക്കൂര |
| 5 | വിഘ്നേശ്വരൻ | KL106947896 | അമ്പൂരി | 534000 | മേൽക്കൂര |
| 6 | സരസു | KL148623394 | അമ്പൂരി | 528000 | മേൽക്കൂര |
| 7 | വിനിത.ജെ.ആർ | KL147444695 | ആര്യൻകോട് | 376000 | ലിന്റിൽ |
| 8 | ഗീത | KL144244690 | ആര്യൻകോട് | 376000 | ലിന്റിൽ |
| 9 | സെബിൻകുമാർ | KL144956080 | പെരുങ്കടവിള | 48000 | ബേസ്മെന്റ് |
| 10 | പ്രതീഷ്കുമാർ | KL149888015 | കുന്നത്തുകാൽ | 376000 | മേൽക്കൂര |

മേൽ ഗുണഭോക്താക്കൾ വീടുപണി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-22 /2022-23 തീയതി 26.06.2023-ന് ലഭ്യമാക്കിയ മറുപടിയിൽ വീട് പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. വീട് പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ലഭ്യമല്ല.

വാർഷിക ധനകാര്യപത്രികപ്രകാരമുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | വരവ് | ചെലവ് (സുലേഖപ്രകാരം) | നീക്കിയിരുപ്പ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 7301119 | 0 | 0 | 0 |
| ജില്ലാപഞ്ചായത്ത് | 18607520 | 0 | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 412173 | 5000000 | 0 | 0 |

സംയുക്ത പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾ

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | ജലസേചന വകുപ്പ് | മേകൊല്ല പുന്നോട്ടുകോണം കരിക്കോട്ടുവിള ചാനൽ പാലനിർമ്മാണവും നടപ്പാത കോൺക്രീറ്റിംഗും-കൊല്ലയിൽ ഡിവിഷൻ(87/23) | 1200000 |
| 2 | ഭൂജലവകുപ്പ് | 49-ാം നമ്പർ നെല്ലിയിൽ അംഗൻവാടി കുടിവെള്ള പദ്ധതി (214/23) | 91761 |
| 3 | ഭൂജലവകുപ്പ് | മൈലച്ചൽ ഗവ.ഹയർസെക്കന്ററി സ്കൂൾകുടിവെള്ളപദ്ധതി (182/23) | 393684 |
| 4 | ഭൂജലവകുപ്പ് | തേവരുകോണം ക്ഷേത്ര നട കുടിവെള്ള പദ്ധതി(44/23) | 635189 |

മേൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വാർഷിക കണക്കുകളിലും നിക്ഷേപ പ്രവൃത്തിയായി ഉൾക്കൊള്ളിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

വിവരങ്ങൾ ലഭ്യമാക്കിയില്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

വിവരങ്ങൾ ലഭ്യമാക്കിയില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 57,243,456.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 11,68,86,957.00 |
| ആകെ | 17,41,30,413.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 15,53,73,847.00 |
| നീക്കിയിരിപ്പ് | 1,87,56,566.00 |
| വരവിനങ്ങളിലെ നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,13,49,907 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിക തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരാവാദികളായ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-9 | 113,08,907 | ശ്യാംകുമാർ.വൈ.എൻ, ബി.ഡി.ഒ |
| 1-23 | 41,000 | ലിയോജോസ്, അസിസ്റ്റന്റ് എഞ്ചിനീയർ |

(ഡി) കേന്ദ്ര -സംസ്ഥാന സർക്കാറുകൾ ,മറ്റ സ്ഥാപനങ്ങൾ എന്നിവയുക്കണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരമേൽവിലാസം

| ക്രമ നം. | പേരും/ഉദ്യോസ്ഥപേരും | സ്ഥിരമേൽവിലാസം |
|---|---|---|
| 1 | ശ്യാംകുമാർ.വൈ.എൻ, ബി.ഡി.ഒ | ഉഷാര, പെരിങ്ങമ്മല. കല്ലിയൂർ .പി.ഒ |
| 2 | ലിയോജോസ്, അസിസ്റ്റന്റ് എഞ്ചിനീയർ | ജോസ് വില്ല, മണ്ണടികോണം, ഊരൂട്ടമ്പലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1834/2022 തീയതി 15.10.2022 | 2 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1834/2022 തീയതി 15.10.2022 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1834/2022 തീയതി 15.10.2022 | 3 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1834/2022 തീയതി 15.10.2022 | 2 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1834/2022 തീയതി 15.10.2022 | 3 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1834/2022 തീയതി 15.10.2022 | 2 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1834/2022 തീയതി 15.10.2022 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1834/2022 തീയതി 15.10.2022 | 2 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1834/2022 തീയതി 15.10.2022 | 3 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1834/2022 തീയതി 15.10.2022 | 6 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1834/2022 തീയതി 15.10.2022 | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1834/2022 തീയതി 15.10.2022 | 8 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ബി.പി./69/2020 തീയതി 27.04.2020 | 22 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ബി.പി./357/2022 തീയതി 18.03.2022 | 15 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ബി.പി./908/2022 തീയതി 17.06.2022 | 18 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം./ബി.പി./446/2023 തീയതി 30.03.2023 | 38 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(2) dated 03-05-2023 and submitted on 23-05-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Perumkadavila Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Perumkadavila Block Panchayat for the year 2022-2023

Date: 16/10/2023

Joint Director
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Perumkadavila Block Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submittedforaudit eg:ratios and Notes on accounts.
2. Cashflow statement- Net increase/ decrease in cashflow does not match with the difference between the opening and closing balance of cash and cash equivalence.
3. The valuation of stock is not done at the end of Financial Year.
4. Deposit Register not maintained.
5. The amount withdrawn for Financial help for Inter Caste Marriage is not included in the Annual Financial statement

6. The amount sanctioned for Deopsit works is not shown in the respective head.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്